# പതിമൂന്നാം കേരളനിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 273** — **30.11.2015-ൽ മറുപടിക്ക്**

## ലോക്കപ്പ് മർദ്ദനം

| ചോദ്യം<br>ശ്രീ.എം. ഹംസ | മറുപടി<br>ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
|---|---|
| (എ) ഒറ്റപ്പാലം, ലെക്കിടി പേരൂർ, മംഗലം ദേശത്ത് താഴത്തേതിൽ നാരായണൻ മകൻ മനോജിനെ 7.11.2015 തീയതിയിൽ ഒറ്റപ്പാലം പോലീസ് സ്റ്റേഷൻ ലോക്കപ്പിൽ വച്ച് അതി ക്രൂരമായി മർദ്ദിച്ച പരിക്കേൽപ്പിച്ച എന്ന പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ലഭിച്ചത്; പ്രസ്തുത പരാതിയിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; അതിൻമേൽ റിപ്പോർട്ട് ലഭിച്ചുവോ; വിശദാംശം ലഭ്യമാക്കാമോ; | (എ) ഉണ്ട്. 11.11.2015 ബഹു. എം.എൽ.എ. സമർപ്പിച്ച പരാതിയിൽ സംസ്ഥാന പോലീസ് മേധാവി/ജില്ലാ പോലീസ് മേധാവി, പാലക്കാട് എന്നിവരുടെ റിപ്പോർട്ട് ആരാഞ്ഞിരുന്നു. ഇക്കാര്യത്തിൽ ജില്ലാ പോലീസ് മേധാവി, പാലക്കാട് ലഭ്യമാക്കിയ റിപ്പോർട്ട് 28.11.2015ൽ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ഈ പരാതിയിലെ ആരോപണ വിധേയനായ സി.പി.ഒ സന്തോഷ് കുമാറിനെ അന്വേഷണ വിധേയമായി സ്ഥലം മാറ്റിയിട്ടുള്ളതും ടിയാന്റെ പേരിൽ വകുപ്പുതല ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. ഈ സംഭവത്തിൽ ഒറ്റപ്പാലം സർക്കിൾ ഓഫീസിലെ ഗ്രേഡ് എസ്.ഐ രാജേന്ദ്രകുമാറിന് ടി സംഭവത്തിൽ പങ്കില്ല എന്ന് അന്വേഷത്തിൽ വെളിവായിട്ടുണ്ടെങ്കിലും ടിയാനേയും പ്രസ്തുത ആരോപണത്തിൻ മേൽ ഒറ്റപ്പാലം സർക്കിൾ ഓഫീസിൽ നിന്നും സ്ഥലം മാറ്റിയിട്ടുള്ളതാണ്. ടി റിപ്പോർട്ട് സർക്കാരിൽ പരിശോധിച്ചുവരുന്നു. |
| (ബി) ലോക്കപ്പ് മർദ്ദനങ്ങൾ അവസാനിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;വിശദാംശം ലഭ്യമാക്കാമോ; | (ബി) സ്പെഷ്യൽ ബ്രാഞ്ചിന്റെ സഹായത്തോടെ രഹസ്യ നിരീക്ഷണം നടത്തിയും പോലീസ് മർദ്ദനം ഉണ്ടാകാൻ പാടില്ല എന്ന് കർശന നിർദ്ദേശം സബ്ബ് ഡിവിഷണൽ ഡി.വൈ.എസ്.പി.മാർക്കും എസ്.എച്ച്.ഒ. മാർക്കും നല്കിയും ആയത് പാലിക്കുന്നുണ്ടോ എന്ന് മേലുദ്യോഗസ്ഥർ നിരന്തരം പരിശോധനാ വിധേയമാക്കണമെന്നും കർശന നിർദ്ദേശം നല്കിയിട്ടുണ്ട്. |
| (സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ലോക്കപ്പ് മർദ്ദനങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടു; വിശദാംശം ലഭ്യമാക്കാമോ? | (സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലോക്കപ്പ് മർദ്ദനം ഉണ്ടായതായി ആരോപിക്കപ്പെട്ട 3 സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ടി സംഭവങ്ങളിന്മേൽ അന്വേഷണം നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ